ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ: ശ്രീ. ജോമോൻ കെ ജോർജ്ജ്, ബി ടെക്)

**ഉത്തരവ് നമ്പർ.എച്ച്.ഇ.സി.ഇ/74/2021/ബി1 തീയതി : 18-04-2022**

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം –സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 13/04/2022 തീയതിയിലെ 1239 നമ്പരായുള്ള ഗസറ്റ് വിജ്ഞാപനം.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ. വേണുഗോപാലൻ നായർ.ഡി വിരമിക്കുന്നതിനു മുന്നോടിയായി അവധിയിൽ പ്രവേശിച്ചതു നിമിത്തം 01/04/2022 മുതൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ആയതിലേക്ക് ഡിപിസി അംഗീകരിച്ച 2022-ലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടും പരാമർശപ്രകാരം പ്രസിദ്ധീകരിച്ച ഡി.പി.സി സെലക്ട് ലിസ്റ്റിലെ പേരുകാരനുമായ ശ്രീ. സി.എസ്.സുധാകരനെ 51,400-1,10,300/- രൂപ ശമ്പളസ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം (ബൈട്രാൻസ്ഫർ നിയമനം) നൽകി ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൻ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറുമാസം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.സി.എസ്.സുധാകരൻ,
ജൂനിയർ സൂപ്രണ്ട് (ഓഫീസ് മേധാവി മുഖേന)

പകർപ്പ് : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യ മേഖല, എറണാകുളം.
2. അക്കൗണ്ടന്റ് ജനറൽ (തിരുവനന്തപുരം) ആമുഖ കത്ത് സഹിതം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ
3. വെബ്സൈറ്റിലേക്ക്/സ്റ്റോക്ക് ഫയലിലേക്ക്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

1

T3/SAJ